ആധുനിക സർവ്വേ സംവിധാനങ്ങൾ

203 (7174) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക സർവ്വേ സംവിധാനങ്ങളുപയോഗിച്ച് സർവ്വേ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത രീതിയിൽ സർവ്വേ നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് റീ-സർവ്വെ നടപടി സ്വീകരിക്കുമ്പോൾ ഡിജിറ്റൈസ് മാപ്പുകളാണ് തയ്യാറാക്കപ്പെടുന്നത്. ഇപ്രകാരമുള്ള റിക്കാർഡുകൾ പ്രാബല്യത്തിൽ വരുത്തുമ്പോൾ അതിനുശേഷം വരുന്ന കൈമാറ്റങ്ങൾ യഥാസമയം റവന്യൂ റിക്കാർഡുകളിൽ നാളതീകരിക്കാൻ സാധിക്കുന്നു.

(സി) പൊതുജനങ്ങൾക്ക് കുറ്റമറ്റരീതിയിലുള്ള സേവനങ്ങൾ ലഭ്യമാകും.

(ഡി) ആധുനിക സർവ്വെ ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി ജില്ലാതലത്തിൽ വിവിധ വില്ലേജുകളിൽ ജി.പി.എസ്.വാല്യൂസ് എസ്റ്റാബ്ലിഷ് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളിൽ ഈ പ്രവർത്തനം തുടർന്നുവരുന്നു. നാളിതുവരെ 3947 ജി.പി.എസ്. പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

റീ-സർവ്വെയിൽ വന്ന അപാകതകൾ പരിഹരിക്കാൻ നടപടി

204 (7175) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ-സർവ്വെയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly.